പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 6338 — 11.07.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ നൽകുന്ന ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. എസ്. സുനിൽകുമാർ<br>" കെ. അജിത്<br>" പി. തിലോത്തമൻ<br>" ജി. എസ്. ജയലാൽ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലത്ത് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനായി സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | നിലവിലുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകുന്ന പദ്ധതി, പഞ്ഞമാസങ്ങളിൽ സമ്പാദ്യ സമാശ്വാസ പദ്ധതി എന്നിവ നിലവിലുണ്ട്. |
| (ബി) | പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) | പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സമ്പാദ്യ സമാശ്വാസ പദ്ധതി. സ്വന്തം വിഹിതം, സംസ്ഥാന സർക്കാർ വിഹിതം കേന്ദ്ര സർക്കാർ വിഹിതം എന്നിവ ചേർത്ത് പഞ്ഞമാസങ്ങളിൽ ഗുണഭോക്താവിന് **1800** രൂപ തിരികെ നൽകുന്നു. കൂടാതെ ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ രഹിതരാകുന്ന യന്ത്രവൽകൃത യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾ, ഹാർബറുകളിലെ അനുബന്ധ മത്സ്യത്തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ എന്നിവർക്ക് എല്ലാ വർഷവും സൗജന്യറേഷൻ അനുവദിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പാദ്യ സമാശ്വാസ പദ്ധതി കേന്ദ്ര സർക്കാർ **BPL** മത്സ്യത്തൊഴിലാളികൾക്ക് മാത്രം ക്ലിപ്തപ്പെടുത്തിയപ്പോൾ കേരള സർക്കാർ **APL** ഉൾപ്പെടെയുള്ള മത്സ്യത്തൊഴിലാളികൾക്ക് കൂടി പ്രയോജനപ്പെടത്തക്ക രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗുണഭോക്താക്കൾക്കും ബാങ്ക് മുഖേന തുക വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ